പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6459 | 01-11 -2011 - ൽ മറുപടിയ്ക്ക് |
|---|---|

## ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ യൂണിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ :<br>ശ്രീ. പാലോട് രവി :<br>ശ്രീ.പി.എ.മാധവൻ :<br>ശ്രീ.ഹൈബി ഈഡൻ : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

(എ) ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ യൂണിറ്റും ഫിറ്റ്നസ് സെൻററും ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) നിലവിലുള്ള യൂണിറ്റുകളിലും സെൻററുകളിലും അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനെക്കുറിച്ച് പരിഗണിക്കുമോ ;

(എ) യും (ബി) യും

നിലവിൽ ആരോഗ്യ വകുപ്പിൻെറ കീഴിൽ എല്ലാ ജില്ലാ ആശുപത്രികളിലും ഓരോന്നും പത്തനംതിട്ട, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ രണ്ട് വീതവും ഫിസിക്കൽ മെഡിസിൻ ആൻറ് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റുകളിലേക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമായി ഈ സാമ്പത്തികവർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള ഭരണാനുമതി ലഭിച്ചു കഴിഞ്ഞു. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പുരോഗമിച്ചുവരുന്നു. ആരോഗ്യ വകുപ്പിൻെറ കീഴിൽ ഫിറ്റ്നസ് സെൻറർ എന്ന സംവിധാനം നിലവിലില്ല.

ഫിസിക്കൽ മെഡിസിൻ വിഭാഗത്തിൽ ഒ.പി., ഐ.പി.കെയർ ഉറപ്പ് വരുത്തിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിൽ സോണൽ ലിംഫ് ഫിറ്റിംഗ് സെൻററിൽനിന്നും സ്പ്ളിൻറ്, റോസ്തെസീസ്, വാക്കിംഗ് എയ്ഡ്സ്, ഓർത്തോസിസ് തുടങ്ങിയവ രോഗികൾക്ക് നൽകിവരുന്നു. സ്പെഷ്യാലിറ്റി ക്ളിനിക്ക് ദിവസവും നടത്തിവരുന്നു. മാസത്തിൽ രണ്ട് ദിവസം റീഹാബിലിറ്റേഷൻ സർജറി ചെയ്യുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിന് കീഴിൽ വ്യാഴാഴ്ച 11 മണി മുതൽ 1 മണിവരെ ഫിറ്റ്നസ് ക്ളിനിക് നടത്തിവരുന്നു.

| | | | |
|---|---|---|---|
| (സി) | ഇത്തരം യൂണിറ്റുകളും സെൻററുകളും വ്യാപിപ്പിക്കുന്നതിന് നടപടി എടുക്കുമോ ? | (സി) | ഭൗതികസൗകര്യങ്ങൾ, ഫണ്ടിൻെറ ലഭ്യത എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് മാത്രമേ പ്രസ്തുത ആവശ്യത്തിന്മേൽ നടപടി കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.